രണ്ട് രൂപയ്ക്ക് അരി

66 (5744) ശ്രീ. സി. ടി. അഹ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രണ്ട് രൂപയ്ക്ക് ഒരു കിലോ ഭക്ഷ്യധാന്യം എന്ന പദ്ധതി എന്നാണ് നിലവിൽ വന്നത് എന്നും ഇതിൽ എത്ര ഗുണഭോക്താക്കൾ ഉണ്ട് എന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഈ അരി വിതരണം ചെയ്യുന്നത് ; ചുമട്ട് തൊഴിലാളികൾക്ക് ഈ അരി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ വിഭാഗം തൊഴിലാളികൾക്കും അരി ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ബി.പി.എൽ./എ.എ.വൈ. വിഭാഗങ്ങളിൽപ്പെട്ട കാർഡുടമകൾക്കും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും തിരുവനന്തപുരം ജില്ലയിൽ 22-5-2009 മുതലും മറ്റു ജില്ലകളിൽ 23-5-2009 മുതലും രണ്ടു രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു വരുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട അസംഘടിതമേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് രണ്ടുരൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി 2-6-2010-ന് നിലവിൽ വന്നു. ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ. നമ്പർ	ജില്ല	ബി.പി. എൽ	എ.എ.വൈ.	എ.പി.എൽ സബ്സിഡി	ആകെ
(1)	(2)	(3)	(4)	(5)	(6)
1	തിരുവനന്തപുരം	165862	66440	77138	309440
2	കൊല്ലം	155306	51751	77480	284537
3	പത്തനംതിട്ട	58537	24182	17039	99758
4	ആലപ്പുഴ	134839	42895	66522	244256
5	കോട്ടയം	98683	34753	21735	155171
6	ഇടുക്കി	60890	30356	75534	166780
7	എറണാകുളം	102843	38962	38348	180153
8	തൃശ്ശൂർ	157397	56819	38122	252338
9	പാലക്കാട്	95216	46971	56292	198479
10	മലപ്പുറം	145132	53940	21428	220500

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
11	കോഴിക്കോട്	128208	42616	69443	240267
12	വയനാട്	23616	36887	31254	91757
13	കണ്ണൂർ	90764	35945	31935	158644
14	കാസർഗോഡ്	47690	19990	8633	76313
		1464983	582507	630903	2678393

(ബി) എ.പി.എൽ. വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, അസംഘടിതമേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായ നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് അമ്പതു ദിവസമെങ്കിലും പണിചെയ്തിട്ടുള്ളവർക്കും ഈ പദ്ധതി പ്രകാരം 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി വരുന്നു. ചുമട്ടു തൊഴിലാളികൾ പദ്ധതിയിൽ ഉൾപ്പെടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാൻ നടപടി

67 (5745) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം മാസത്തിൽ എത്ര ലക്ഷം ലിറ്ററാണ് ;

(ബി) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കി കൊടുത്തതിനുശേഷം എത്ര ലക്ഷം പുതിയ റേഷൻ കാർഡിന് മണ്ണെണ്ണ അനുവദിക്കേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) കാർഡുടമയ്ക്ക് ഇപ്പോൾ മാസത്തിൽ നൽകിവരുന്ന മണ്ണെണ്ണ എത്ര ലിറ്ററാണ് ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം 2010 ഏപ്രിൽ മുതൽ പ്രതിമാസം 18,756 കി. ലിറ്റർ ആണ്.

(ബി) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കികൊടുത്തതിനുശേഷം ഇതുവരെ ലഭിച്ച പുതിയ കാർഡിനുള്ള അപേക്ഷ പ്രകാരം ഏകദേശം 8.5 ലക്ഷം പുതിയ റേഷൻ കാർഡിന് മണ്ണെണ്ണ അനുവദിക്കേണ്ടതായി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly